DWCD/5259/2024-E8 "ഭരണഭാഷ - മാതൃഭാഷ"

വനിതശിശുവികസനഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം

തീയതി : 26-10-2024

Email-wcdestablishment2017@gmail.com
Phone : 0471 – 2346508

## സർക്കുലർ

വിഷയം: വനിത ശിശുവികസന വകുപ്പ് – ജീവനക്കാര്യം - DPC (ലോവർ) 2025 കൂടുന്നതിനായി 2022, 2023, 2024 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈനായി ക്ഷണിക്കുന്നത് - സംബന്ധിച്ച്:

പരാമർശം: 1) സ.ഉ (സാധാ) നം.3113/2021/പൊ.ഭ.വ തീയതി : 18.08.2021 നം. ഉത്തരവ്

2) 18/15/2023 ലെ വ. ശി. ഡയറക്ടറുടെ DWCD/618/2023-E8 നം. സർക്കുലർ

3) 17.08.2024 ലെ വ. ശി. വി. ഡയറക്ടറുടെ DWCD/618/2023-E8 നം. സർക്കുലർ

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി ജീവനക്കാരുടെ സേവനകാര്യങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈനായി വഴി സമർപ്പിക്കുന്നതിന് പരാമർശ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ ബാദ്ധ്യസ്ഥരായ വകുപ്പിലെ ജീവനക്കാർ 2021 വർഷം മുതൽ CR ഓൺലൈനായി സമർപ്പിച്ച് വരുന്നുണ്ട്. 2023 വർഷം വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഓൺലൈനായി ചെയ്യുന്നതിന് പരാമർശം (2) പ്രകാരം നിർദ്ദേശിച്ചിരുന്നു.

വനിത ശിശുവികസന വകുപ്പിൽ സീനിയർ സൂപ്രണ്ട്, ശിശുവികസന പദ്ധതി ഓഫീസർ, ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I/ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I തസ്തികകളിലേയ്ക്ക് 2025 കലണ്ടർ വർഷം പ്രതീക്ഷിക്കുന്ന ഒഴിവുകളിലേയ്ക്ക് ഉദ്യോഗകയറ്റം നല്കുന്നതിന് DPC (ലോവർ) കൂടേണ്ടതുണ്ട്. ഇതിലേയ്ക്കായി കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുവാൻ ബാധ്യസ്ഥരായ വകുപ്പിലെ ജൂനിയർ സൂപ്രണ്ട്, ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II/ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II, ICDS സൂപ്പർവൈസർ എന്നീ തസ്തികകളിലെ ജീവനക്കാർ 2022, 2023, 2024 (ഒക്ടോബർ വരെയുള്ളത്) വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഈ പരിപത്ര തിയതി മുതൽ 15 ദിവസത്തിനകം സ്കോർ ഓൺലൈൻ പോർട്ടൽ മുഖേന സമർപ്പിക്കേണ്ടതാണ്.

എല്ലാ ജീവനക്കാരും സ്കോർ ഓൺലൈൻ പോർട്ടലിൽ(WWW.Score.kerala.gov.in) രജിസ്റ്റർ ചെയ്ത് കൊണ്ട് അതിൽ ലഭ്യമായ user manual ലെ നിർദ്ദേശ പ്രകാരം CR സമർപ്പിക്കേണ്ടതും, ആയത് പരാമർശം (3) പ്രകാരമുള്ള റിപ്പോർട്ടിംഗ് / റിവ്യൂവിംഗ് ഓഫീസർമാർ Approve ചെയ്യേണ്ടതാണെന്നും നിർദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച സംശയ നിവാരണത്തിനായി 1800-425-1857 എന്ന ടോൾ ഫ്രീ നമ്പരിലും, info.score@kerala.gov.in എന്ന ഇമെയിൽ വിലാസത്തിലും, ഡയറക്ടറേറ്റിലെ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗവുമായോ ബന്ധപ്പെടാവുന്നതാണ്.

വകുപ്പിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിലുള്ള ജീവനക്കാർക്കായി മാറ്റി വച്ചിരിക്കുന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് I /ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I തസ്തികയുടെ ഒഴിവിലേയ്ക്ക്, പ്രോബേഷൻ പൂർത്തിയാക്കിയ പ്രസ്തുത തസ്തികയിലെ ജീവനക്കാർക്ക് ഓപ്ഷൻ സമർപ്പിക്കാവുന്നതാണ്. പ്രസ്തുത ജീവനക്കാർ 2022, 2023, 2024 (ഒക്ടോബർ വരെയുള്ളത്) വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ഓൺലൈനായി സമർപ്പിക്കുന്നതൊടൊപ്പം ഓപ്ഷൻ ഫോം നിശ്ചിത സമയപരിധിക്കുള്ളിൽ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കാത്ത ജീവനക്കാരെ ഒരു അറിയിപ്പും കൂടാതെ തന്നെ ഒഴിവാക്കി DPC (ലോവർ) കൂടുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ANILKUMAR G
SENIOR ADMINISTRATIVE OFFICER

പകർപ്പ് : 1) ബന്ധപ്പെട്ട ജീവനക്കാർക്ക്
2) എല്ലാ കീഴ് കാര്യാലയ മേധാവികൾക്കും.
3) സൂപ്രണ്ട് ഐടി സെല് (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
4) സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി